**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3399** | **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ലത്താളി ക്യഷി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമക്യഷ്ണൻ** | | **ശ്രീ. പി. പ്രസാദ്**<br>**(ക്യഷി വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ക്ലത്താളി ക്യഷി ഫാം പൂർണ്ണമായും ക്യഷിയുക്തമാക്കുന്നതിന് എന്തൊക്കെ പ്രൊപ്പോസലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പേരാമ്പ്ര മണ്ഡലത്തിലെ ക്ലത്താളി ഫാം, ക്യഷി യോഗ്യമാക്കുന്നതിന് ഈ വർഷം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(1) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതികൾ .**<br><br>• സസ്യങ്ങളുടെ ഗുണമേന്മയുള്ള ലേയറുകൾ, ഗ്രാഫ്റ്റുകൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനായി സയോൺ ബാങ്ക്, റൂട്ട് സ്റ്റോക്ക് നഴ്സറി. (15 ലക്ഷം).<br>• സോളാർ പമ്പ്സെറ്റ് സ്ഥാപിക്കൽ. (3 ലക്ഷം)<br>• ചുറ്റുമതിൽ, വേലി നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിർമ്മാണം. (60 ലക്ഷം).<br><br>**(2) ആർ.ഐ.ഡി.എഫ്.-നബാർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**<br><br>• ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ (63.92ലക്ഷം).<br>• ഭൂവികസന പ്രവൃത്തികൾ (10 ലക്ഷം)<br>• മഴമറ നിർമ്മാണം (3 എണ്ണം) (22.9224ലക്ഷം).<br>• മിസ്റ്റ് ചേംബർ നിർമ്മാണം (4 എണ്ണം) (18.92ലക്ഷം).<br>• ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ് ഷെഡ് നിർമ്മാണം (76.6008ലക്ഷം). |

| | | | |
|---|---|---|---|
| | | | • ചുറ്റുമതിൽ ചെയിൻ ലിങ് നിർമ്മാണം (248.06ലക്ഷം) വകയിരുത്തി.<br>• സംയോജിത കൃഷി രീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പോത്തു പരിപാലനം (48.546ലക്ഷം), കോഴി വളർത്തൽ (16.76268ലക്ഷം), താറാവ് വളർത്തൽ (3.22 ലക്ഷം), മത്സ്യകൃഷി (6.56ലക്ഷം) ആട്ടുവളർത്തൽ (10.40ലക്ഷം).<br>• മൂല്യവർദ്ധിത ഉൽപ്പന്നം (ചക്കയിൽ നിന്നും) നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം (75 ലക്ഷം).<br>• റോഡ് നിർമ്മാണം (23.936 ലക്ഷം)<br>• ഓഫീസ് കെട്ടിടം, ട്രെയിനിംഗ് സെന്റർ, ശുചിമുറി, വെയിറ്റിങ് ഷെഡ് എന്നിവയുടെ നിർമ്മാണം (88.83ലക്ഷം). |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫാമുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലെടുത്ത എന്തൊക്കെ തീരുമാനങ്ങൾ ഉണ്ടായിരുന്നെന്നും എന്തൊക്കെ നടപ്പിൽ വരുത്തിയെന്നും അറിയിക്കാമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തു കൂത്താളി ഫാമുമായി ബന്ധപ്പെട്ട മന്ത്രിതല യോഗത്തിൽ എടുത്ത തീരുമാനങ്ങൾ പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• 27.07.2020-ൽ നടത്തിയ മന്ത്രിതല യോഗ തീരുമാന പ്രകാരം 2020 ആഗസ്റ്റ് മാസം മുതൽ കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ നൽകി വരുന്നു.<br>• ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സായിറാം ഹരിദാസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ) നെ ഫാം സൂപ്രണ്ടായി നിയമിച്ചു.<br>• കൂത്താളി ഫാമിലെ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്ന ക്ലാർക്കിനെ സ്ഥലം മാറ്റി.<br>• കൂത്താളി ഫാമിലെ ട്രെയിനിങ് സെന്ററിൽ നിലവിൽ കേരള |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് അഗ്രോ മെക്കനൈസേഷൻ മിഷന്റെ കീഴിൽ ഹരിത സേനയ്ക്ക് പരിശീലനം നൽകി വരുന്നു.<br>• കൃഷി ഭൂമി കൃഷി യോഗ്യമാക്കുന്നതിന് കാട് വെട്ടിത്തെളിച്ച് ഭൂമിയുടെ തട്ട് തിരിക്കൽ പദ്ധതി പുരോഗമിച്ച് വരുന്നു.<br>• കൊപ്രാ ഡ്രയർ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>• ഫാമിലെ വിവിധ ഫീൽഡുകളിലുള്ള പാഴ് മരങ്ങളുടെ ചില്ല കോതി കുരുമുളക് വള്ളികൾ വച്ച് പിടിപ്പിച്ചു വരുന്നു.<br>• തൊഴിലാളികൾക്കുള്ള ഒരു വിശ്രമ മുറിയുടെയും ശുചിമുറിയുടെയും പ്രവൃത്തി പൂർത്തീകരിക്കുകയും മറ്റു രണ്ടെണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ